# Malayala Manorama
# 30 August 2018
# Kakkanad; Flood , Flood Victims.Kudumbasree Kitchen



കാക്കനാട്ടെ ജില്ലാ സംഭരണ കേന്ദ്രത്തിലെ പാചകപ്പുരയിൽ കുടുംബശ്രീ വനിതകൾ.

## ദുരിത ബാധിതർക്കുള്ള സാധനങ്ങൾ തൊടാതെ കുടുംബശ്രീ പാചകപ്പുര

കാക്കനാട് • ദുരിത ബാധിതർക്കായി എത്തുന്ന ടൺ കണക്കിനു നിത്യോപയോഗ സാധനങ്ങൾ തരം തിരിച്ചു കിറ്റാക്കാൻ ആയിരത്തോളം സന്നദ്ധ സേവകർ ജോലി ചെയ്യുന്ന സംഭരണ കേന്ദ്രത്തിലെ പാചകപ്പുര മാതൃകയാകുന്നു.

നൂറു കണക്കിനു ചാക്ക് അരിയും എല്ലാത്തരം നിത്യോപയോഗ സാധനങ്ങളും യഥേഷ്ടം സ്റ്റോക്കുള്ള സംഭരണ കേന്ദ്രത്തിൽ ഭക്ഷണം പാചകം ചെയ്യുന്നതിനു പുറമേ നിന്നു പണം കൊടുത്തു സാധനം വാങ്ങിയാണ്. ദുരിത ബാധിതർക്കുള്ള ഒരു മണി അരിപോലും ദുരുപയോഗം ചെയ്യരുതെന്ന കലക്ടർ മുഹമ്മദ് സഫിറുല്ലയുടെ നിർദേശം മാനിച്ചാണു സാധനങ്ങൾ പുറമേ നിന്നു വാങ്ങുന്നത്.

ഇന്നലെ ആയിരത്തോളം പേർക്കു ഉച്ചഭക്ഷണം പാചകം ചെയ്തു. ഊണും സാമ്പാറും തോരനുമായിരുന്നു വിഭവങ്ങൾ. വൈകിട്ട് മുന്നൂറോളം പേർക്കു ചപ്പാത്തിയും കറിയും ഒരുക്കി.

ഇന്നു രണ്ടായിരം പേർക്കാണ് ഉച്ചഭക്ഷണം തയാറാക്കുന്നത്. ചൊവ്വാഴ്ച വരെ ജയിലിലെ ഭക്ഷ

ണ കൗണ്ടറിൽ നിന്നുള്ള പായ്ക
റ്റുകളായിരുന്നു സംഭരണ കേന്ദ്ര
ത്തിൽ വിതരണം ചെയ്തിരുന്ന
ത്. സന്നദ്ധ സേവകരുടെ എണ്ണ
കൂടിയതോടെയാണു സംഭരണ
കേന്ദ്രത്തിൽ തന്നെ ഭക്ഷണം പ
ചകം ചെയ്യാൻ തീരുമാനിച്ചത്.

കുടുംബശ്രീക്കാണ് അടുക്ക
യുടെ ചുമതല. സിഡിഎസ് അധ
ക്ഷകളായ മിനി മോഹനൻ, ര
ത ദിനേശൻ എന്നിവരുടെ മേ
നോട്ടത്തിൽ മുംതാസ് ഷെരീഫ
സുഹറ ഹമീദ്, ദിൽഷാദ ആഷ
ഖ്, നിഷ ശ്രീജൻ തുടങ്ങിയവ
ടെ നേതൃത്വത്തിലാണു പാചക